# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല

## 51-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

തീയ്യതി : **26 നവംബർ 2025**, സമയം : **ഉച്ചയ്ക്ക് 2.00 മണി**

വേദി:, കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.–ബി1/6561/2025)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. അനിൽ. കെ.എസ്., വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അധ്യക്ഷൻ
2. ഡോ. ബിപിൻ. കെ.സി. (തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)
3. ഡോ. ദിനേശ്. പി.ടി. (തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)
4. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)
5. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട അനധ്യാപക വിഭാഗം പ്രതിനിധി)
6. ശ്രീ. സുധീഷ്. പി.എസ്. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
7. ശ്രീ. അഭിറാം. പി. (തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥി പ്രതിനിധി)
8. ഡോ.സാനിസ് ജൂലിയറ്റ്. (ബഹു. ചാൻസലറുടെ പ്രതിനിധി)
9. ഡോ.ദിനേശ് സി എൻ. (ബഹു. ചാൻസലറുടെ പ്രതിനിധി)
10. ശ്രീ. ഷാജു.കെ കെ. (ബഹു. ചാൻസലറുടെ പ്രതിനിധി)
11. ശ്രീമതി. അജിത. കെ, (ബഹു. ചാൻസലറുടെ പ്രതിനിധി)
12. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
13. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
14. ഡോ.അല്ലി. കെ. (ഫാക്കൽറ്റി ഡീൻ (ഇൻ-ചാർജ്ജ്)) (വെറ്ററിനറി).
15. ഡോ. ബിന്ദു പ്രശാന്ത്. കെ.ആർ., (പ്രസിഡന്റ്, കെ.എസ്.വി.സി.)
16. ശ്രീ. രവീന്ദ്രൻ. കെ. ആർ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)
17. ശ്രീമതി. ഫെമി വി. മാത്യു, (ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ പ്രതിനിധി)
18. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

യോഗം 2.00 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

**(ഒപ്പ്)**

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| 1.1 | സർവ്വകലാശാലയുടെ നേട്ടങ്ങൾ/ശാസ്ത്രജ്ഞരുടെ ഗവേഷണ നേട്ടങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | *ഇല്ല* |
| 1.2 | ഇലക്ഷൻ ഏതെങ്കിലും നടത്തുവാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | *ഇല്ല* |
| 1.3 | ചോദ്യോത്തര വേള.<br>**ശ്രീ. സുധീഷ് പി എസ് ഉന്നയിച്ച ചോദ്യങ്ങൾ:**<br>**ചോദ്യം (1):**<br>വർഷങ്ങളായി തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ പലരും ശാരീരികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. അമിത ജോലിഭാരവും, ലീവ് അനുവദിക്കാത്തതും അവസ്ഥ കൂടുതൽ മോശമാക്കുന്നു. ഈ പ്രശ്നം പരിഹരിക്കു വാൻ വേണ്ടി work നോംസ് നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല?<br>**ഉത്തരം (1):**<br>സർവ്വകലാശാല നിലവിൽ നടപ്പിലാക്കിയിട്ടുള്ള 26-02-2021 തീയ്യതിയിലെ G.O(Rt) No. 240/2021/AGRI സർക്കാർ ഉത്തരവ് ഭാഗം I ഖണ്ഡിക 2-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ക്വാണ്ടം ഓഫ് വർക്ക് അല്ലെങ്കിൽ ജോലിഭാരം (Work Norms) അതാത് ഫാമുകളിലെ പ്രത്യേകതകൾ അനുസരിച്ച് എല്ലാ ഫാമുകളിലും എല്ലാ ജോലികളും ഉൾപ്പെടുത്തിക്കൊണ്ട് നിശ്ചയിക്കേണ്ടതാണ്. ആയത് നടപ്പിലാക്കുന്നതിനു എല്ലാ ഫാമുകളിലെയും ഫാം കൗൺസിലുകൾ കൂടി ചർച്ച ചെയ്യേണ്ടതും ഫാം കൗൺസിലുകൾ നിലവിലില്ലാത്ത ഫാമുകളിൽ ഏകപക്ഷീയമായി നിശ്ചയിക്കാതെ ബന്ധപ്പെട്ട തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി ചർച്ച ചെയ്ത് നിശ്ചയിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 50-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗ തീരുമാനം പ്രകാരം രൂപീകരിച്ച കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.<br><br>**തീരുമാനം:** നിലവിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ*<br><br>================================================ |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അധ്യക്ഷൻ)

| | |
|---|---|
| | **ശ്രീ. അഭിറാം. പി, ഉന്നയിച്ച ചോദ്യങ്ങൾ:**<br>ചോദ്യം (2):<br>**CDST തിരുവനന്തപുരം കോളേജിൽ നൽകാൻ ബാക്കിയുള്ള വാടക്കുടിശ്ശിക തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാനേജ്മെന്റ് കൌൺസിൽ യോഗത്തിൽ എടുത്ത തീരുമാനത്തിൽ, പുനർ നടപടികൾ എന്തെങ്കിലും സർവകലാശാലയുടെ ഭാഗത്തുനിന്നും ഉണ്ടായോ**<br><br>**ഉത്തരം** (2):<br>ഹോസ്റ്റൽ ഫീസ് റീ ഇംബേഴ്സ്മെൻറ് ചെയ്ത് തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു സ്റ്റുഡന്റ്സ് യൂണിയൻ സെക്രട്ടറി നൽകിയ കത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി ഹോസ്റ്റൽ വാടക, ഓരോ വിദ്യാർത്ഥിയും നൽകുന്ന വാടക, ആകെ കുടിശ്ശിക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ബഹു. വൈസ് ചാൻസലർ നിർദ്ദേശിച്ചതിൻ പ്രകാരം ആയതു അറിയിക്കുന്നതിനായി തിരുവനന്തപുരം സി.ഡി.എസ്.റ്റി സ്പെഷ്യൽ ഓഫീസർക്ക് കത്തയച്ചിട്ടുണ്ട്.<br><br>**തീരുമാനം:** ഇപ്പോൾ സർവകലാശാല സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കുടിശ്ശിക നല്കുന്നത് പരിഗണിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ചെയർ വിശദീകരിച്ചു..<br><br>*നടപടി: രജിസ്ട്രാർ (അറിവിലേക്കായി)*<br>=========================================================<br>**ചോദ്യം** (3):<br>**RIDF ഫണ്ടുപയോഗിച്ച് പൂക്കോട് നിലവിലെ ബോയ്സ് ഹോസ്റ്റലിനു സമീപം പുതിയ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന്റെ നടപടികൾ എന്തൊക്കെ ആയി, എപ്പോൾ പണി പൂർത്തീകരിക്കാൻ കഴിയും**<br>**ഉത്തരം** (3):<br>പ്രവൃത്തി നടപ്പിലാക്കുന്നതിനായി സി.പി.ഡബ്ല്യു.ഡി, കാലിക്കറ്റുമായി MoU വിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവർത്തിയുടെ ടെണ്ടർ പ്രാരംഭ നടപടികൾ സ്വീകരിച്ചതായി സി.പി.ഡബ്ല്യു.ഡി അറിയിച്ചിട്ടുണ്ട്.<br><br>**തീരുമാനം:** നല്കിയ ഉത്തരം അംഗീകരിച്ചു.<br><br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീർ* |

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| | **ഡോ. ദിനേശ്. പി റ്റി ഉന്നയിച്ച ചോദ്യങ്ങൾ:**<br><br>ചോദ്യം (4):<br>സർവകലാശാലയിലെ അധ്യാപകരുടെ പ്രൊമോഷൻ അരിയറുകൾ 2012 വർഷം മുതൽ നല്കുവാനുള്ളതായി അറിയുന്നു. സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ പ്രസ്തുത അരിയറുകൾ നൽകാൻ കഴിയുകയില്ല എന്ന ന്യായമാണ് സർവകലാശാല പലപ്പോഴും പറയുന്നത്. പ്രൊമോഷൻ അരിയർ തടഞ്ഞു വയ്ക്കുന്നത് ശമ്പളം തടഞ്ഞു വയ്ക്കുന്നതിന് തുല്യമായ ഗുരുതരമായ കുറ്റമാണെന്ന് കരുതാതെ വയ്യ. പ്രസ്തുത അരിയറുകൾ അധ്യാപകർ വിരമിക്കുമ്പോൾ പോലും നൽകുന്നില്ല എന്നതാണ് വസ്തുത. ഈ പ്രശ്നം പരിഹരിക്കുന്നതിനായി<br><br>A. അനധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ അരിയറിന്റെ ഒന്നും രണ്ടും ഗഡുക്കൾ സാങ്കല്പികമായി പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചത് പോലെ അധ്യാപകരുടെ പ്രൊമോഷൻ അരിയറിന്റെ 25% വീതം സമയ ബന്ധിതമായി മൂന്നു മാസത്തിൽ ഒരിക്കൽ ഒരു വർഷം കൊണ്ട് മുഴുവനായും പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുവാൻ സർവകലാശാല തയ്യാർ ആണോ?<br><br>B. ആണെങ്കിൽ ഇതിനൊരു സമയക്രമം നിശ്ചയിച്ചു ഈ മാനേജ്മന്റ് കൌൺസിൽ യോഗത്തിൽ അറിയിക്കുക.<br>**ഉത്തരം (4):** പി.എഫ് അക്കൗണ്ടുകളിലേക്ക് അടവാക്കേണ്ട തുകകൾ സംബന്ധിച്ച് സർക്കാർ കൃത്യമായി നിർവചിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരൻ്റെ മാസ വരിസംഖ്യകളും, സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ കുടിശ്ശിക തുകകളും ഒഴികെ യാതൊരു തുകകളും പി.എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ കഴിയുകയില്ല. പി.എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന തുകകൾക്ക് സർക്കാർ നിശ്ചിത പലിശനിരക്ക് ഉറപ്പുനൽകുന്നുണ്ട്. നിലവിൽ സർക്കാരിൻ്റെ ഉത്തരവ് അനുസരിച്ച് അനുവദനീയമായ അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ സങ്കല്പികമായെങ്കിലും പി.എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ സർവകലാശാല തീരുമാനമെടുത്തിരിക്കുന്നത്. ഒരു ജീവനക്കാരനോ അല്ലെങ്കിൽ ഒരു സ്ഥാപനത്തിനോ അതാത് സ്ഥാപനങ്ങളുടെ തീരുമാന പ്രകാരം പ്രൊമോഷൻ കുടിശ്ശികകളോ മറ്റു കുടിശ്ശികകളോ പി.എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് അധിക പലിശ വാങ്ങിയെടുക്കാൻ നിലവിലെ ചട്ടങ്ങൾ അനുവദിക്കുന്നില്ല.<br><br>**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു. സർവകലാശാലയിലെ അധ്യാപക/ അനധ്യാപക/ തൊഴിലാളി ജീവനക്കാർക്ക് നല്കുവാനുള്ള |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| | കുടിശ്ശികയുടെ വിശദാംശങ്ങൾ അടുത്ത മാനേജ്മന്റ് കൗൺസിൽ യോഗത്തിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.<br>നടപടി ഫിനാൻസ് ഓഫീസർ<br>=====================================================<br>**ചോദ്യം** (5):<br>സർവകലാശാലയുടെ KVASU/GA/A1/6715/2017 നമ്പറിലുള്ള 17-05-2024 തിയ്യതിയിലെ ഉത്തരവ്വ മാനേജ്മന്റ് കൌൺസിൽ കമ്മിറ്റി റിപ്പോർട്ടിലെ നിർദേശം അനുസരിച്ച് പിൻവലിച്ചു ഉത്തരവ് ഇറക്കിയിട്ടുണ്ടോ?<br><br>b. ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?<br><br>**ഉത്തരം** (5):<br>എ. മാനേജ്മന്റ് കൗൺസിൽ കമ്മിറ്റി റിപ്പോർട്ടിലെ നിർദേശം പാലിച്ചുകൊണ്ട് അധ്യാപകർക്ക് പേ സ്ലിപ് അനുവദിച്ചിട്ടുണ്ട് . ഉത്തരവ് വ്യവസ്ഥകൾക്ക് വിധേയമായി പിൻവലിച്ചിട്ടുണ്ട്.<br><br>ബി : ബാധകമല്ല<br><br>**തീരുമാനം:** ഉത്തരവ് പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ*<br><br>=======================================================<br>**ഡോ. സാനിസ് ജൂലിയറ്റ്. ഉന്നയിച്ച ചോദ്യങ്ങൾ:**<br><br>**ചോദ്യം** (6):<br>രണ്ടായിരത്തി പത്തിൽ വെറ്ററിനറി സർവ്വകലാശാല സ്ഥാപിതമായതിനു ശേഷം, സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ക്ലിം ആർട്ട് എന്ന സ്ഥാപനം മുഖേന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു.<br>A.പ്രസ്തുത മാസ്റ്റർ പ്ലാൻ സർവ്വകലാശാലയുടെ ഭരണസമിതി അംഗീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ?<br>B. ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നാളിതുവരെ എത്ര തുകയാണ് ഈ സ്ഥാപനത്തിന് അനുവദിച്ച് നൽകിയത് ? |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

C. സർവ്വകലാശാല ആസ്ഥാനത്തും മറ്റും ക്യാമ്പസ്സുകളിലും നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മേല്പറഞ്ഞ മാസ്റ്റർ പ്ലാൻ അനുസരിച്ചാണോ നടത്തുന്നത് ?

**ഉത്തരം (6):**

a) മാസ്റ്റർ പ്ലാനിന് സാർവ്വകലാശാല അംഗീകാരം നല്കിയിട്ടുണ്ട്.

b) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പ്രവർത്തികളുടെ കൺസൾട്ടേഷൻ ചാർജ്ജ് ആയും, അനുമതികൾ ലഭ്യമാക്കുന്നതിലേക്കുമായി ആകെ 276.10 ലക്ഷം രൂപ M/s Klim Art ന് അനുവദിച്ചു നൽകിയിട്ടുണ്ട്.

c)അതാത് സമയങ്ങളിൽ ഉള്ള ധനലഭ്യതയും ക്യാമ്പസുകളുടെ ഇപ്പോഴത്തെ ആവശ്യവും പരിഗണിച്ചും സ്റ്റേഷൻ മേധാവികളുടെയും സർവകലാശാലാ അധികാരികളുടെയും നിർദ്ദേശം അനുസരിച്ചുമുള്ള മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മിതികൾക്ക് തടസമുണ്ടാകാത്ത രീതിയിലുള്ള ചെറു നിർമ്മാണ പ്രവർത്തികളാണ് നടത്തിവരുന്നത്.

**തീരുമാനം:** EFC, RIDF എന്നിവയ്ക്ക് എത്ര തുക കിട്ടി, ആയതിൽ എത്ര രൂപ സർക്കാരിലേക്ക് തിരിച്ചടച്ചു, എത്ര രൂപ ചെലവഴിച്ചു, നീക്കിയിരിപ്പ് എത്ര എന്നതിൽ വിശദമായ റിപ്പോർട്ട് അടുത്ത മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

*നടപടി*: ഡയറക്ടർ, ഐ.ഡി വിങ്ങ് (അറിവിലേക്കായി)/ ഫിനാൻസ് ഓഫീസർ /ഡി എ ആർ)

================================================================

**ചോദ്യം** (7):

വെറ്ററിനറി സർവ്വകലാശാലയുടെ **NIRF ranking** തുടർച്ചയായി നഷ്ടപ്പെടുകയാണ്. ഇങ്ങനെ പോയാൽ യൂണിവേഴ്സിറ്റിയുടെ നിലനിൽപ്പതന്നെ അവതാളത്തിലാവും. അക്കാദമിക നിലവാരം തകർന്നിരിക്കുന്ന ഈ അവസ്ഥയിൽ, എന്തെല്ലാം നടപടികളാണ് യൂണിവേഴ്സിറ്റി എടുക്കാൻ ഉദ്ദേശിക്കുന്നത് ?

**ഉത്തരം (7):** വിവിധ റാങ്കിങ്ങുകളിൽ സർവ്വകലാശാലയുടെ പ്രകടനം ഉയർത്തുന്നതിനു വേണ്ടി സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ സർവ്വകലാശാലയിൽ നിന്നു വരുന്ന ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ ദൃശ്യപരത വർദ്ധിപ്പിക്കുന്നതിന് ഗവേഷകർ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. (Circular No. KVASU/DAR/R2-560/2023(1) dated 26.07.2023, E-mail dated December 15th, 2023 of DAR). EAP- കൾക്കുള്ള പ്രൊപ്പോസലുകൾ

(ഒപ്പ്)

രജിസ്ട്രാർ (മെമ്പർ സെക്രട്ടറി)

വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) (അദ്ധ്യക്ഷൻ)

| | |
|---|---|
| | സമയബന്ധിതമായി സമർപ്പിക്കുന്നതിനായി വിവിധ ഫണ്ടിംഗ് എജൻസി പ്രൊജക്ടുകൾ ക്ഷണിക്കുമ്പോൾ എല്ലാ അധ്യാപകർക്കും അറിയിപ്പ് നൽകാറുണ്ട്. തുടർച്ചയായി ഉന്നത റാങ്കിംഗ് നിലനിർത്തുന്ന കേരള സർവ്വകലാശാലയുടെ IQAC ഡയറക്ടർ നമ്മുടെ സർവ്വകലാശാലയിലെ അധ്യാപകർക്കുവേണ്ടി ക്ലാസെടുക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതിനോടൊപ്പം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനായി മൂന്നുമാസത്തിലൊരിക്കൽ ഡിപ്പാർട്ട്മെൻറ് തലത്തിലുള്ള ഒരു റിവ്യൂ മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ഗവേഷക വിദ്യാർത്ഥികൾ (Ph.D.) തീസിസിന്റെ ഫൈനൽ സബ്മിഷനു മുമ്പായി ഉയർന്ന NAAS റേറ്റിംഗ് ഉള്ള പ്രസിദ്ധീകരണങ്ങളിൽ തങ്ങളുടെ ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>.<br><br>**തീരുമാനം:** അക്കാദമിക നിലവാരം ഉയർത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ IQAC, അക്കാദമിക് കൗൺസിൽ എന്നിവയിൽ സമർപ്പിച്ചതിന് ശേഷം മാനേജ്മെന്റ് കൌൺസിൽ സമർപ്പിക്കുന്നതിന് അംഗങ്ങളായ ഡോ.ബിപിൻ കെ സി, ഡോ. ശ്രീരഞ്ജിനി. എ. ആർ, ഡോ .ദിനേശ് പി ടി, ഡോ .സാനിസ് ജൂലിയറ്റ്, ഡോ. സി എൻ. ദിനേശ് എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.<br>*നടപടി:* ഡി എ ആർ |
| 1.4 | അടിയന്തര പ്രമേയം ഉണ്ടെങ്കിൽ, ആയത്.<br><br>**അടിയന്തര പ്രമേയം (1) - ശ്രീ. അഭിറാം. പി. ഉന്നയിച്ച പ്രമേയം.**<br>പ്രമേയം 9 ൽ പരാമർശിച്ചിട്ടുള്ള ഒന്നാം ഭരണസമിതി 20.10.2011-നു പുറപ്പെടുവിച്ചിട്ടുള്ള GA/A/1515/2011 എന്ന വിദ്യാർത്ഥികളുടെ വസ്ത്രസ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്ന നിയമം പിൻവലിയ്ക്കാനുള്ള തിരുമാനം. ഇന്ന് നടക്കുന്ന മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ തന്നെ കൈക്കൊള്ളണമെന്ന് അടിയന്തര പ്രമേയത്തിലൂടെ ആവശ്യമെടുക്കുന്നു.<br>**തീരുമാനം:**. അടുത്തയോഗത്തിൽ ചർച്ച ചെയ്യുന്നതിന് മാറ്റിവച്ചു.<br>*നടപടി: രജിസ്ട്രാർ/* ഡി എ ആർ<br>==========================================================<br><br>**അടിയന്തര പ്രമേയം (2)**<br>39 മത് അക്കാദമിക് കൗൺസിൽ തിരുമാന പ്രകാരം 2025 മുതൽ അഡ്മിഷൻ എടുക്കുന്ന ഹോസ്റ്റൽ സൗകര്യം ലഭിക്കുന്ന എല്ലാ ഒന്നാം വർഷ വിദ്യാർത്ഥികളും മാസം 2000 രൂപ വെച്ചു ഹോസ്റ്റൽ ഫീസ് നൽകണം എന്ന് തിരുമാനം. ആയിരുന്നു. എന്നാൽ KVASU/DAR/B2/496/2023(18) എന്ന ഓർഡർ പ്രകാരം 2025 മുതൽ അഡ്മിഷൻ എടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫീസ് അടക്കണം എന്ന നിലയിലാണ് ഉള്ളത്. മാത്രവുമല്ല 22-10-2025 ൽ തുടങ്ങി 5- |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അധ്യക്ഷൻ)

| | |
|---|---|
| | 9-2026 ഇൽ അവസാനിക്കുന്ന 11 മാസം പോലും തികച്ചില്ലാത്ത അക്കാദമിക് ഷെഡ്യൂൾ ഉള്ളപ്പോഴും അവർ 12 മാസത്തെ ഫീസ് അടക്കാൻ നിർബന്ധിതരാവുകയാണ്. ആയതിനാൽ വിദ്യാർത്ഥികൾക്ക് ഏറെ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഈ നിയമം പിൻവലിക്കണമെന്നു അടിയന്തര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br>**തീരുമാനം:** 11 മാസം എന്നത് പരിശോധിക്കുന്നതാണെന്ന് ചെയർ അറിയിച്ചു.<br>നടപടി: ഡി എ ആർ<br>**അടിയന്തര പ്രമേയം (3) - ഡോ. ദിനേശ്. പി റ്റി ഉന്നയിച്ച പ്രമേയം**<br>കഴിഞ്ഞ ഏതാനും വർഷങ്ങളായി. B.V.Sc പ്രോഗ്രാമിനുള്ള ആവശ്യകത വിദ്യാർത്ഥികൾക്കിടയിൽ ഗണ്യമായി വർധിച്ചിരിക്കുകയാണ്. നിലവിൽ KVASU വിന് പ്രതിവർഷം 240 വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം നൽകാനാകൂ. ഇതുമൂലം കേരളത്തിലെ നിരവധി വിദ്യാർത്ഥികൾ രാജ്യത്തെ സ്വകാര്യ വെറ്ററിനറി കോളേജുകളിലേക്കോ വിവിധ സംസ്ഥാനങ്ങളിലെ സർക്കാർ വെറ്ററിനറി കോളേജുകൾ നൽകുന്ന non domicile സീറ്റുകളിലേക്കോ പ്രവേശനം നേടി പോകുന്നുണ്ട്. ഇത്തരത്തിലുള്ള സീറ്റുകൾ സാധാരണയായി വളരെ ഉയർന്ന ഫീസ് ഘടനയിലാണ് ലഭ്യമാകുന്നത്. ഇത്തരത്തിൽ മറ്റു സംസ്ഥാനങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികളെ നമ്മുടെ സർവകലാശാലയിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞാൽ നമ്മുടെ സാമ്പത്തിക പ്രതിസന്ധിയും ഒരുപരിധി വരെ ശരിയാക്കുവാൻ സാധിക്കും<br><br>CVAS മണ്ണുത്തിയും പൂക്കോടും നിലവിലുള്ള പ്രവേശനത്തെ ബാധിക്കാതെ അധിക ബാച്ചുകളായി സ്വാശ്രയ രീതിയിൽ BVSC പ്രോഗ്രാം ആരംഭിക്കാൻ കഴിഞ്ഞാൽ അത് വിദ്യാർത്ഥികൾക്കും സർവകലാശാലയ്ക്കും പ്രയോജനകരമാകും. കൂടാതെ വിദ്യാർത്ഥികളിൽ കൂടുതൽ ആവശ്യകതയുള്ള വിഷയങ്ങളിൽ M.V.Sc പ്രൊഗ്രാമും സ്വാശ്രയ രീതിയിൽ ആരംഭിക്കാനും സർവകലാശാലക്ക് കഴിയും. ഈ സമീപനം സർക്കാർ വിഭവങ്ങൾക്ക് അധിക സാമ്പത്തിക ഭാരം സൃഷ്ടിക്കാതെ നിലവാരമുള്ളതായ പ്രോഗ്രാമുകൾ നൽകാൻ സഹായിക്കും.<br><br>ആകയാൽ ഉയർന്നുവരുന്ന ആവശ്യം എന്ന അവസ്ഥ ഉപയോഗപ്പെടുത്താനായി, KVASUവിൻറെ രണ്ട് ഘടക വെറ്ററിനറി കോളേജുകളിലും അടുത്ത അധ്യയന വർഷം മുതൽ സ്വയംഭരണ രീതിയിൽ B.V.Sc യും M.V.Sc യും ഉൾപ്പെടുത്തിയുള്ള പുതിയ ബാച്ചുകൾ ആരംഭിക്കണമെന്ന് നിർദേശിക്കുന്നു.<br>**തീരുമാനം:** അടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതിനായി മാറ്റിവച്ചു.<br><br>നടപടി: ഡി എ ആർ |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| 1.5 | നിർദ്ദിഷ്ട പട്ടികയിൽ മാറ്റമുള്ള വിഷയങ്ങൾ ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല |
| 1.6 | മുൻ യോഗങ്ങളുടെ നടപടി കുറിപ്പുകളുടെ സ്ഥിരീകരിക്കൽ & ആക്ഷൻ ടേക്കൻ റിപ്പോർട്ട്, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | അംഗീകരിച്ചു<br><br>*നടപടി: രജിസ്ട്രാർ* |
| 1.7 | മാനേജ്മെന്റ് കൗൺസിൽ തീരുമാന പ്രകാരം ബോർഡ് ഓഫ് മാനേജ്മെന്റ് സമർപ്പിക്കുന്ന റിപ്പോർട്ട്, ഉണ്ടെങ്കിൽ ആയത്. |
| **തീരുമാനം** | ഇല്ല |
| 1.8 | ബോർഡ് ഓഫ് മാനേജ്മെന്റും വൈസ് ചാൻസലറും നിർദ്ദേശിക്കുന്ന വിഷയങ്ങൾ, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | *ഇല്ല* |
| 2.1 | DAR - Academic Programme – Approval of the results - Reg. |
| **തീരുമാനം** | *Approved*<br><br>*Action:DAR* |
| 3.1 | കെ.വി.എ.എസ്.യു/ജിഎ/എ3/15013/2018<br><br>പൊതുഭരണം - സർവ്വകലാശാലയിലെ ഫാം അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നത് – സംബന്ധിച്ച്. |
| **തീരുമാനം** | അടുത്തയോഗത്തിൽ ചർച്ച ചെയ്യുന്നതിന് മാറ്റിവച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.2 | KVASU/GA/B1/187/2023<br><br>കെ.വി.എ.എസ്.യു. - പൊതുഭരണം വാർഷിക കണക്കുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനായി കാലപരിധി നിശ്ചയിച്ച് സർവകലാശാല ആക്ട് സെക്ഷൻ 44 (3) ഭേദഗതി ചെയ്ത് വന്നത് -വീണ്ടും ഭേദഗതി ചെയ്യുന്നത് – സംബന്ധിച്ച്. |

**(ഒപ്പ്)**

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അദ്ധ്യക്ഷൻ)**

| | |
|---|---|
| **തീരുമാനം** | അടുത്തയോഗത്തിൽ ചർച്ച ചെയ്യുന്നതിന് മാറ്റിവച്ചു<br><br>*നടപടി: രജിസ്ട്രാർ* |
| 4.1 | KVASU/DoE/A1/62/2023<br><br>കെ.വി.എ.എസ്.യു- ഡി.ഇ- കമ്പനി രൂപീകരണം കമ്മിറ്റി യോഗത്തിൻ്റെ നടപടികുറിപ്പും, യോഗ തീരുമാനപ്രകാരമുള്ള ഇടക്കാല റിപ്പോർട്ടും സമർപ്പിക്കുന്നത് സംബന്ധിച്ച്. |
| **തീരുമാനം** | അടുത്തയോഗത്തിൽ ചർച്ച ചെയ്യുന്നതിന് മാറ്റിവച്ചു.<br><br>*നടപടി: ഡി ഇ* |
| 6.1 | KVASU/FW/Funds_1/1066/2023<br><br>ധനകാര്യ വിഭാഗം - സർവകലാശാലയുടെ ഭൂമി ദേശീയ പാതാ അതോറിറ്റിക്ക് കൈമാറിയ വകയിൽ ലഭിച്ച പണത്തിൽ ഒരു ഭാഗം വിനിയോഗിച്ച സർവകലാശാലയുടെ നടപടി സാധൂകരിക്കുന്നതിനും, ബാക്കിയുള്ള തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതും – സംബന്ധിച്ച് |
| **തീരുമാനം** | സർവകലാശാലയുടെ ഭൂമി ദേശീയ പാതാ അതോറിറ്റിക്ക് കൈമാറിയ വകയിൽ ലഭിച്ച പണത്തിൽ ഒരു ഭാഗം വിനിയോഗിച്ച സർവകലാശാലയുടെ നടപടി സാധൂകരിക്കുന്നതിനും, ബാക്കിയുള്ള തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കുന്നതിലേക്കുമായും സർക്കാരിലേക്ക് കത്ത് അയക്കുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | KVASU/FW/AC1/113/2025<br><br>ധനകാര്യ വിഭാഗം - സർവ്വകലാശാലയുടെ 2024-25 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് വിവരങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്. |
| **തീരുമാനം** | 1. അംഗീകരിച്ചു.<br>2. അനുമതി നൽകി.<br>ഓഡിറ്റ് ചെയ്യാത്ത വാർഷിക കണക്ക് വിവരങ്ങൾ മാനേജ്മെന്റ് കൌൺസിൽ യോഗത്തിലേക്ക് സമർപ്പിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതിനായി തീരുമാനിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

7

അനൗദ്യോഗിക പ്രമേയങ്ങൾ:

**ശ്രീ. സുധീഷ്. പി. എസ്, ഉന്നയിച്ച പ്രമേയങ്ങൾ:**

**പ്രമേയം** (1):

ഫാം അസിസ്റ്റൻറ് തസ്തികയിലേക്ക് ആഭ്യന്തര നിയമനത്തിന് അർഹതയുള്ള 32 ഒഴിവുകൾ തിട്ടപ്പെടുത്തി ആ ഒഴിവുകളിലേക്ക് LBS നടത്തിയ പരീക്ഷയുടെ മാർക്കും, കാറ്റഗറി സിനിയോറിറ്റിയും (Class III Class IV, Labour) സംരക്ഷിച്ച കൊണ്ടാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. നിയമനത്തിന് യോഗ്യതയായികണക്കാക്കുന്ന Diploma in Livestock Management Course പൂർത്തിയാക്കി നിയമനം നടത്തുമ്പോൾ നേരത്തെ തിരഞ്ഞെടുക്കപ്പെട്ട് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൻറെ അടിസ്ഥാനത്തിൽ മാത്രം സിനിയോറിറ്റി കണക്കാക്കി നിയമനം നടത്തണമെന്ന് ഈ യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**റിമാർക്സ് (1):** ഡിപ്ലോമ ഇൻ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിലേക്ക് എൽ.ബി.എസ് നടത്തിയ പരീക്ഷയുടെ മാർക്കിന്റെയും സർവ്വീസ് സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രസ്തുത കോഴ്സിലേക്കുള്ള പ്രവേശനത്തിനായി മാത്രം തയ്യാറാക്കിയതാണ്.പ്രസ്തുത കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ആഭ്യന്തര നിയമനത്തിനായി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ഫാം അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തീരുമാനം:** ആഭ്യന്തര ഉദ്യോഗാർഥികളെ സംരക്ഷിക്കാൻ സർവകലാശാലയ്ക്ക് ധാർമിക ബാധ്യതയുണ്ടെന്ന് ചെയർ പ്രസ്താവിച്ചു. 21-03-2025, 26-03-2025 തീയതികളിൽ പ്രവേശനം നേടിയ 32 പേരിൽ കോഴ്സ് വിജയിക്കുന്നവരെ സർവീസ് സീനിയോറിറ്റി മാനദണ്ഡമാക്കി കോഴ്സ് കഴിയുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിന് തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

---

**പ്രമേയം** (2):

തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിച്ചുവരുന്ന പല പൊതു അവധികളും സർവ്വകലാശാല ഇപ്പോൾ അനുവദിക്കുന്നില്ല. സർക്കാർ പ്രഖ്യാപിക്കുന്നതും. പ്രാദേശികമായി കളക്ടർ പ്രഖ്യാപിക്കുന്നതുമായ പൊതു അവധികൾ സർവ്വകലാശാലക്കും ബാധകമാണ്. സംസ്ഥാനത്തെ ഗവൺമെൻറ്

**(ഒപ്പ്)**

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

ഫാമുകളിലും, നമ്മുടെ മാതൃ സർവ്വകലാശാലയായ കേരള കാർഷിക സർവ്വകലാശാലയിലും ഫിഷറീസ് സർവ്വകലാശാലയിലും ഇത്തരത്തിലുള്ള മുഴുവൻ അവധികളും അനുവദിച്ചുകൊടുക്കുമ്പോൾ നമ്മുടെ സർവ്വകാലാശാല മാത്രമാണ് അനുവദിക്കാത്തത്. ഈ കാര്യം പല തവണ മാനേജ്മെൻ്റ് കൗൺസിലിലും മറ്റു യോഗങ്ങളിലും ആവശ്യപ്പെട്ടിട്ടുള്ളതാണ്. നേരത്തെ അനുവദിച്ചു തന്നിരുന്ന മന്നം ജയന്തി, അംബേദ്ക്കർ ജയന്തി, കർക്കിടകവാവ് എന്നീ പൊതു അവധികൾക്ക് പുറമെ സർക്കാർ പ്രഖ്യാപിക്കുന്നതും, കളക്ടർ പ്രാദേശികമായി പ്രഖ്യാപിക്കുന്നതുമായ പൊതു അവധികൾ തൊഴിലാളികൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. തൊഴിലാളികൾക്ക് അവകാശപ്പെട്ട ഇത്തരത്തിലുള്ള പൊതു അവധികൾ ഇനിയും നഷ്ടപ്പെടുത്താതെ തുടർന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണ മെന്ന് പ്രമേയം ആവശ്യപ്പെടുന്നു.

**റിമാർക്സ് (2):**. കൃഷി, മൃഗ സംരക്ഷണ, ക്ഷീരം വികസന എന്നീ വകുപ്പുകൾക്ക് കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചു കൊണ്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള അവധികളാണ് സർവകലാശാലയിലെ ഫാം തൊഴിലാളികൾക്ക് ബാധകമായിട്ടുള്ളത്. ഇപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 04.07.2023-ലെ സ.ഉ.(സാധാ) നം.647/2023/കൃഷി ഉത്തരവിൽ ഫാമിലെ സ്ഥിരം തൊഴിലാളികൾക്ക് പ്രാദേശിക അവധികളും, സ്പെഷ്യൽ അവധികളും (സർക്കാർ പ്രഖ്യാപിക്കുന്ന പൊതു അവധികൾ) അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും 06.12.2024-ലെ സ.ഉ (സാധാ) 1153/2024/കൃഷി നമ്പർ ഉത്തരവ് പ്രകാരം ആയത് ഭേദഗതി ചെയ്തു ഫാമിലെ സ്ഥിരം തൊഴിലാളികൾക്ക് ഞായറാഴ്ചകൾ കൂടാതെ അനുവദിക്കാവുന്ന പൊതു അവധികൾ 13 എണ്ണമായി നിജപ്പെടുത്തുകയുണ്ടായി. ടി ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ സർവകലാശാലയിലെ ഫാമുകളിൽ നടപ്പിലാക്കിയ സാഹചര്യത്തിൽ സർക്കാർ പ്രഖ്യാപിക്കുന്ന പൊതു അവധികൾ ഫാമിലെ സ്ഥിരം തൊഴിലാളികൾക്കും അനുവദിക്കാവുന്നതാണോ എന്നതിൽ സ്പഷ്ടീകരണം നൽകണമെന്ന് അഭ്യർത്ഥിച്ചു സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു. ആയതിന് മറുപടിയായി നിലവിൽ ഫാമിലെ സ്ഥിരം തൊഴിലാളികൾക്ക് കലണ്ടർ വർഷത്തിൽ ഞായറാഴ്ചകൾ കൂടാതെ ഉള്ള പൊതു അവധിയുടെ എണ്ണം കർക്കിടക വാവ് ദിവസവും കൂടി അവധിയായി പരിഗണിച്ച് 14 എണ്ണം ആക്കി നിജപ്പെടുത്തിയിട്ടുണ്ടെന്ന് സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട് കൂടാതെ പ്രസ്തുത 14 അവധിയിൽ ശ്രീ. വി എസ്

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അദ്ധ്യക്ഷൻ)

| | |
|---|---|
| | അച്യുതാനന്ദന്റെ നിര്യാണത്തെ തുടർന്ന് ആദരസൂചകമായി സംസ്ഥാനത്ത് 22.07.2025-ന് പ്രഖ്യാപിച്ച പൊതു അവധി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് തന്നെ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നും സർക്കാർ അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്ന് ലഭിച്ച മേൽ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ മന്നം ജയന്തി, കർക്കിടക വാവ്, അംബേദ്കർ ജയന്തി, ശ്രീ. വി എസ് അച്യുതാനന്ദന്റെ നിര്യാണത്തെ തുടർന്ന് ആദരസൂചകമായി സംസ്ഥാനത്ത് 22.07.2025-ന് പ്രഖ്യാപിച്ച പൊതു അവധി, ആയതിനു ശേഷം പ്രഖ്യപിച്ച പൂജ അവധി എന്നിവ 14 പൊതു അവധികളിൽ ഉൾപെടുത്താവുന്നതാണ്. അങ്ങനെ അധികമായി ലഭിക്കുന്ന ഒരു പൊതു അവധിക്ക് ഇരട്ട വേതനവും ലഭിക്കുന്നതാണ്. മേൽ അവധികളിൽ അധികമായി ഉൾപ്പെടുത്തേണ്ട അവധി സംബന്ധിച്ച് മാനേജ്മെന്റ് കൗൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കുന്നു.<br>മന്നം ജയന്തി, അംബേദ്കർ ജയന്തി, കർക്കിടക വാവ് എന്നീ അവധികൾ കാർഷിക സർവകലാശാലയിൽ അനുവദിച്ചിരിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് കാർഷിക സർവകലാശാല രജിസ്ട്രാർക്ക് 08.10.2025-ലെ KVASU/GA/LO/377/2022(11) നമ്പർ കത്ത് നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.<br>**തീരുമാനം:** നൽകിയ റിമാർക്ക്സ് അംഗീകരിച്ചു. compensation ലീവ് നൽകുന്നത് പരിശോധിക്കുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ*<br>---------------------------------------------<br><br>**പ്രമേയം** (3):<br>പമ്പ് ഓപ്പറേറ്റർ, ക്ലാസ് IV തസ്തികകളിൽ ആഭ്യന്തര നിയമനത്തിന് അർഹതയുള്ളവരുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും നിയമനം നടത്താതിരിക്കുന്നത് നീതി നിഷേധമാണ്. ഈ ഒഴിവുകളിൽ അർഹതയുള്ളവരെ നിയമിക്കണമെന്ന് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br><br>**റിമാർക്ക്സ് (3):** 50-ാമത് മാനേജ്മെന്റ് കൗൺസിൽ തീരുമാനപ്രകാരവും, 89-ാമത് ഭരണസമിതി തീരുമാനപ്രകാരവും, 12 ക്ലാസ് IV തസ്തികകൾ പുന: ക്രമീകരിച്ച് 10 ഹോസ്റ്റൽ മാനേജർ തസ്തികകൾ സൃഷ്ടിക്കുന്നതിനായി കത്ത് |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അദ്ധ്യക്ഷൻ)

| | |
|---|---|
| | നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായതിന് ശേഷം ക്ലാസ് IV തസ്തികയിൽ ആഭ്യന്തര നിയമനത്തിനായി ഒഴിവുകൾ അവശേഷിക്കുന്നുവെങ്കിൽ നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്കുള്ള ആഭ്യന്തര നിയമനവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ തീരുമാനമാകുന്ന മുറക്ക് ടി തസ്തികയിലേക്ക് ആഭ്യന്തര നിയമനത്തിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.<br>**തീരുമാനം:** നൽകിയ റിമാർക്ക്സ് അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ*<br>=====================================================<br>**ഡോ. ദിനേശ്. സി എൻ, ഉന്നയിച്ച പ്രമേയങ്ങൾ:**<br>**പ്രമേയം** (4):<br>വെറ്ററിനറി സർവ്വകലാശാലയിലെ ജീവനക്കാർ ഔദ്യോഗിക കാര്യങ്ങളിൽ ന്യായയുക്തമായ തീരുമാനങ്ങൾക്കായി ബഹു. കേരള ഹൈക്കോടതിയെയാണ് സമീപിക്കുന്നത്. ഇത് വളരെയധികം സമയ നഷ്ടവും ധനനഷ്ടവും വരുത്തുന്ന സംഗതിയാണ്. എന്നാൽ സർവ്വകലാശാല ജീവനക്കാർക്ക് നിയമപരവും നീതിയുക്തവുമായ കാര്യങ്ങളിൽ തീർപ്പുണ്ടാക്കുന്നതിന് മറ്റൊരു വേദിയാണ് യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ. എന്നാൽ ഇതുവരെയും വെറ്ററിനറി സർവ്വകലാശാല ഇതിന്റെ അധികാര പരിധിയിൽ വന്നിട്ടില്ല. അതുകൊണ്ട് വെറ്ററിനറി സർവ്വകലാശാല മേൽ സൂചിപ്പിച്ച യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ വരുത്താനുള്ള എല്ലാ നടപടികളും രണ്ടു മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ഈ സൗകര്യം യൂണിവേഴ്സിറ്റിയിലെ എല്ലാ ജീവനക്കാർക്കും ലഭ്യമാക്കാൻ തീരുമാനിക്കുന്നു.<br>**റിമാർക്സ്** (4):<br>വെറ്ററിനറി സർവ്വകലാശാല ആക്ട് 47-ൽ യൂണിവേഴ്സിറ്റി അപ്പെലേറ്റ് ട്രിബ്യൂണലിന്റെ രൂപീകരണം സർക്കാർ നടത്തേണ്ടത് സംബന്ധിച്ച് പരാമർശിക്കുന്നുണ്ട്. യൂണിവേഴ്സിറ്റി അപ്പെല്ലറ്റ് ട്രിബ്യുണൽ നിലവിൽ തിരുവനന്തപുരം വഞ്ചിയൂർ കോടതി സമുച്ചയത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. വെറ്ററിനറി സർവ്വകലാശാല മേൽ യൂണിവേഴ്സിറ്റി അപ്പെലേറ്റ് ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ വരുന്നതാണോ എന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ട്രിബ്യുണലിൽ നിന്ന് തന്നെയും സ്പഷ്ടീകരണത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. മറുപടി ലഭ്യമാകുന്നമുറയ്ക്ക് മാനേജ്മെന്റ് കൗൺസിൽ യോഗത്തെ വിവരം ധരിപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>**തീരുമാനം:** നൽകിയ റിമാർക്ക്സ് അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അദ്ധ്യക്ഷൻ)**

| | |
|---|---|
| | **ശ്രീ. അഭിറാം. പി ഉന്നയിച്ച പ്രമേയങ്ങൾ:**<br>പ്രമേയം (5):<br><br>**പൂക്കോട്, മണ്ണുത്തി വെറ്ററിനറി കോളേജുകളിലെ ഗതാഗത ക്ഷാമം.**<br><br>**പൂക്കോട് കോളേജിൽ ഒന്നാം വർഷ വിദ്യാർത്ഥികൾ താമസിക്കുന്ന കൽപ്പറ്റയിൽ നിന്നും കോളേജിലേക്കും തിരിച്ചുമുള്ള സർവീസ്, നാലാം വർഷ വിദ്യാർത്ഥികൾക്ക് വേണ്ടി കാക്കവയലിലെ VAC ക്ലിനിക്കിലേക്കും തിരിച്ചുമുള്ള സർവീസ്, കോളേജ്, ക്ലിനിക്സ്, ഫാം എന്നിവിടങ്ങളിലേക്കുള്ള ദൂരവും കയറ്റിറക്കങ്ങളുള്ള ഭൂപ്രകൃതിയും പരിഗണിച്ചുള്ള ഇന്റേണൽ സർവീസുമാണ് കോളേജിൽ നടക്കുന്നത്. മുൻപ് രണ്ട് ബസ്സുകൾ ഉണ്ടായിരുന്നപ്പോൾ സുഗമമായി നടന്നുകൊണ്ടിരുന്ന ഈ സർവീസുകൾ ഇപ്പൊൾ ഒരു ബസ് കൊണ്ടാണ് നടക്കുന്നത്. ഇതുമൂലം പലപ്പോഴും ഈ സർവീസുകളിൽ പലതും മുടങ്ങുകയും വിദ്യാർത്ഥികൾ ബുദ്ധിമുട്ടുകയും ചെയ്യുന്ന സ്ഥിതിയിലാണ്.**<br><br>**മണ്ണുത്തി കോളേജിൽ കൊക്കാലയിലുള്ള യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലേക്കുള്ള സർവീസാണ് പ്രധാനമായുമുള്ളത്. ഇതിലേക്കായി നിലവിൽ ഒരു ബസാണ് സർവീസ് നടത്തുന്നത്.അതിൽ തന്നെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടിയാണ് യാത്ര ചെയ്യുന്നത്.അടുത്ത മാസം മുതൽ 21,22 batch വിദ്യാർത്ഥികൾ ഒന്നിച്ച് വരുന്ന അവസരത്തിൽ ഈ പ്രതിസന്ധി രൂക്ഷമാകും.മാത്രവുമല്ല നിലവിൽ ഉപയോഗിച്ചു വരുന്ന ബസ്സിന്റെ കാലാവധി അവസാനഘട്ടത്തിലാണ്.**<br><br>**ഈ രണ്ടു കോളേജുകളിലും നിലനിൽക്കുന്ന രൂക്ഷമായ ഗതാഗത ക്ഷാമം മുൻപും മാനേജ്മെന്റ് കൌൺസിൽ യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഏറെ ഗൗരവത്തോടെ നടപടി സ്വീകരിച്ച് പരിഹാരം കണ്ടെത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു**<br><br>**മറുപടി/റിമാർക്സ് (5):** പൂക്കോട് വെറ്റിനറി കോളേജിലേക്ക് പുതിയ ബസ് വാങ്ങുന്നതിനായി, സർക്കാരിലേക്ക് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>മണ്ണുത്തി വെറ്റിനറി കോളേജിലേക്ക് 14 വർഷം പൂർത്തിയായതിന് ശേഷം വരുന്ന പ്ലാൻ പ്രൊപ്പോസലിൽ പഴയതിന് പകരം പുതിയ ബസ് വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകാവുന്നതാണ്.<br><br>**തീരുമാനം:**. എ). പൂക്കോട് വെറ്ററിനറി കോളേജിലെ നിലവിലെ ബസ്സിന്റെ ട്രിപ്പ് സംബന്ധിച്ച വിവരങ്ങൾ വിശദമായി റിപ്പോർട്ട് ചെയ്യുന്നതിന് ഡോ.ബിപിൻ കെ സി, ഡോ. ദിനേശ് പി ടി, ഡോ. സാനിസ് ജൂലിയറ്റ്, പൂക്കോട് വെറ്ററിനറി കോളേജ് ഡീൻ എന്നിവരെ ചുമതലപ്പെടുത്തി.<br><br>ബി). മണ്ണുത്തി വെറ്ററിനറി കോളേജിൽ രണ്ട് ബാച്ച് ഒരേ സമയത്ത് ക്ലിനിക്ക്സിൽ വരുന്ന 6 മാസകാലയളവിലേക്ക് കോൺട്രാക്റ്റ് വാഹനം അനുവദിക്കുന്നത് പരിശോധിക്കുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ / ഡീൻ, സി.വി.എ.എസ് പൂക്കോട് / ഡീൻ, സി.വി.എ.എസ് മണ്ണുത്തി.* |

(ഒപ്പ്)

**രജിസ്ട്രാർ** **വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**

**(മെമ്പർ സെക്രട്ടറി)** **(അധ്യക്ഷൻ)**

| | |
|---|---|
| | പ്രമേയം (6):<br>1. പ്ലേ ഗ്രൗണ്ടുകൾ<br><br>**DST കോലാഹലമേട്**<br>**കോളേജിൽ കായികവും ഗെയിംസ് പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള യാതൊരു അനുയോജ്യ ഗ്രൗണ്ടും നിലവിലില്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് സ്ഥിരമായ പരിശീലന സൗകര്യം ലഭിക്കുന്നില്ല. വാഗമൺ പ്രദേശത്തെ കാലാവസ്ഥ അനിശ്ചിത സ്വഭാവമുള്ളതും കൂടുതലായും മഴലഭിക്കുന്നതിനാലും മുന്നിലുള്ള ചെറിയ തുറന്ന സ്ഥലം മഴക്കാലത്ത് ചെളി നിറഞ്ഞ ഉപയോഗയോഗ്യമല്ലാതായി തീരുകയും ചെയ്യുന്നു. കൂടാതെ ഇൻഡോർ കായിക സൗകര്യങ്ങളും ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് കാലാവസ്ഥയെ ആശ്രയിക്കാതെ പരിശീലനം നടത്താൻ കഴിയുന്ന സാഹചര്യമില്ല.**<br>**CASM തിരുവാഴംകുന്ന്**<br>**കോളേജിൽ പ്ലേഗ്രൗണ്ട് ഇല്ല. ഈ പ്രശ്നം മൂലം പ്രാക്ടീസുകൾ നല്ല രീതിയിൽ നടക്കുന്നില്ല.ഈ അഭാവത്തിൽ മത്സരങ്ങൾ നടത്തുന്നതിൽ വളരെ ബുദ്ധിമുട്ടുണ്ട്. ഈ ആവശ്യം കോളേജ് അധികാരികളോടു നിരന്തരം സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ നടപടികൾ ഒന്നും എടുത്തിട്ടില്ല. മാനേജ്മെന്റ് കൌൺസിൽ യോഗത്തിൽ ഗ്രൗണ്ട് നിർമിക്കാൻ തീരുമാനം ആയിട്ടും ഇതുവരെയും ഒരു നടപടിയും ഉണ്ടായിട്ടില്ല എന്നത് ഏറെ നിരുത്തരവാദിത്തപരമാണ്.**<br><br>**എത്രയും പെട്ടെന്നു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു**<br><br>**മറുപടി/റിമാർക്സ് (6):** CDST കോലാഹലമേട്<br>സർവകലാശാലയുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി അനുസരിച്ച് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുക പ്രായോഗികമല്ല എങ്കിലും ഇടുക്കി പാക്കേജിൽ പ്രൊപ്പോസൽ നൽകുന്ന കാര്യം ആരായാവുന്നതാണ്.<br>CASM തിരുവാഴാംകുന്ന്<br>സ്ഥല പരിശോധന നടത്തി ഉചിതമായ പ്ലേ ഗ്രൌണ്ട് ഏരിയ നിർദേശിക്കാൻ LRST & CASM മേധാവികൾക്ക് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**തീരുമാനം:** നൽകിയ റിമാർക്ക്സ് അംഗീകരിച്ചു.<br><br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീർ*<br>================================================== |

**(ഒപ്പ്)**

| | |
|---|---|
| **രജിസ്ട്രാർ** | **വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)** |
| **(മെമ്പർ സെക്രട്ടറി)** | **(അദ്ധ്യക്ഷൻ)** |

| | |
|---|---|
| | പ്രമേയം (7):<br>**വിദ്യാർത്ഥികളിൽ നിന്നും ഭീമമായ ഹോസ്റ്റൽ വാടക ഈടാക്കിയിട്ടും വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ വന്നിട്ടുള്ള വീഴ്ച**<br><br>**പൂക്കോട്**<br>**പൂക്കോട് കോളേജിൽ ഒന്നാം വർഷ, രണ്ടാം വർഷ വിദ്യാർത്ഥിനികൾ താമസിക്കുന്നത് MRS സ്കൂളിന്റെ പഴയ ഹോസ്റ്റൽ കെട്ടിടത്തിലാണ്. 24 ബാച്ചിലെ പകുതിയോളം വിദ്യാർത്ഥിനികളും ബിടെക് ഡയറി ഒന്നാം വർഷ വിദ്യാർത്ഥികളും ഇവിടെത്തന്നെയാണ്.നവീകരിച്ച ഈ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥിനികളുടെ ബാഹുല്യവും ശുചിമുറികളുടെ അപര്യാപ്തതയും വളരെയധികം ബുദ്ധിമുട്ടിക്കുന്നു.**<br><br>**VKIDFT മണ്ണുത്തി**<br>**ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ**<br>**പലതവണ ബന്ധപ്പെട്ട അധികാരികള അറിയിച്ചിട്ടുണ്ടെങ്കില്ലും ഇതുവരെ ഒരു ശ്വാശ്വത പരിഹാരം ലഭ്യമായിട്ടില്ല. നിലവിൽ Ist year 2nd year വിദ്യാർഥിനികൾ താമസിക്കുന്ന DSw 2 ഹോസ്റ്റലിന്റെ അവസ്ഥ വളരെ മോശമാണ് . തുടരെ ഉണ്ടാവുന്ന ഷോർട്ട് സർക്ക്യൂട്ട് വിദ്യാർഥികളിൽ വലിയ ആശങ്ക ഉയർത്തുന്നുണ്ട് വളരെ പഴകിയ കെട്ടിടമായതു കൊണ്ട് തന്നെ ചോർച്ചയും വളരെയധികം ഉണ്ടാകുന്നു കെട്ടിടത്തിന്റെ പല ഭാഗങ്ങളും ഇടിഞ്ഞ് പൊളിഞ്ഞ് വരുകയും ചെയ്യുന്നുണ്ട്. സീനിയർ വിദ്യാർഥിനികൾ താമസിക്കുന്ന T, C quarters കളിലും സുരക്ഷ പ്രശ്നങ്ങൾ നിലനിൽക്കുന്നു.ഇഴജന്തുക്കളുടെ ശല്യം വളരെ അധികം ഉണ്ട്.റൂമുകളിൽ ബെഡിൽ നിന്നുവരെയാണ് പാമ്പിനെ കിട്ടുന്നത് ഇതും വിദ്യാർഥികളിൽ വലിയ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. കൂടാതെ compound wall ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ അപരിചിതരുടെ സാനിദ്ധ്യം ഉണ്ടാവുകയും വിദ്യാർഥികളിൽ ഭയം സൃഷ്ടിക്കുകയും ചെയ്യ്ന്നു.**<br><br>**മറുപടി/റിമാർക്സ്** (7): പൂക്കോട് : ശുചിമുറികളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട വൈസ് ചാൻസിലർ നിർദ്ദേശിച്ചതിൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ട്. പ്രവർത്തി 02 മാസത്തിനുള്ളിൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.<br>VKDFT മണ്ണുത്തി<br>"VKIDFT" വിദ്യാർത്ഥികൾ താമസിക്കുന്ന മണ്ണുത്തി ക്യാമ്പസിലെ ഹോസ്റ്റൽ കെട്ടിടങ്ങൾ ഒന്നൊഴികെ (DSW) ബാക്കിയെല്ലാം തന്നെ വളരെ പഴക്കം ചെന്നതും ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ ആയിരുന്നതുമായ കെട്ടിടങ്ങൾ പരിവർത്തനം ചെയ്തുകൊണ്ടുമാണ് സജ്ജീകരിച്ചിട്ടുള്ളത്. വളരെ പഴക്കമുള്ള ക്വാർട്ടേഴ്സുകൾ ആയതുകൊണ്ട് തന്നെ കെട്ടിടങ്ങൾ ജീർണാവസ്ഥയിലുള്ളവ കൂടിയാണ്.<br>നിലവിലെ ഹോസ്റ്റൽ സൗകര്യങ്ങൾ താഴെ ചേർക്കുന്നു |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| ക്രമ നം. | കെട്ടിടത്തിന്റെ തരം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | T1, T2 & T7 to T12 (8 Flat Units) | 5 per each unit |
| 2 | DSW 2 | 92 |
| 3 | DSW Greeshmam (Mens) (1st & 3rd floor) | 22 |
| 4 | C1, C2 & C3 Quarters (Old) | 45 |

പ്രമേയത്തിൽ സൂചിപ്പിച്ച രീതിയിലുള്ള പാമ്പിൻറെ ശല്യം ഹോസ്റ്റലുകളിൽ ഉള്ളതായി പരാതി കിട്ടിയതിനെ തുടർന്ന്, ഈ ഓഫീസിൽനിന്നും Registrar, VKIDFT Dean കൂടാതെ ഹോസ്റ്റലിന്റെ ചുമതലയുള്ള അസിസ്റ്റൻറ് വാർഡനും ചേർന്ന് ഹോസ്റ്റലുകൾ പരിശോധിക്കുകയും, പ്രത്യേകമായി പാമ്പുകളുടെ ശല്യം ഉണ്ടാകുന്ന രീതിയിൽ ഒന്നും കണ്ടെത്താത്തതിനെ തുടർന്ന്, വിദ്യാർത്ഥികളോട് ഹോസ്റ്റലിന്റെ മുൻഭാഗത്തെ വാതിലുകൾ എപ്പോഴും അടച്ചിടണമെന്നും അതുവഴി ഉണ്ടാവാൻ ഇടയുള്ള പാമ്പ് ശല്യം ഒഴിവാക്കുന്നതിനുള്ള സാഹചര്യങ്ങൾ ശ്രദ്ധിക്കുകയും വേണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

കൂടാതെ എല്ലാ ജനലുകളും വെൻറിലേറ്ററുകളും "mesh" ഉൾപ്പെടുത്തി പാമ്പ് കയറാത്ത വിധം സജ്ജീകരിച്ചിട്ടുള്ളതിൽ ചെറിയ വീഴ്ചകൾ കണ്ടെത്തിയത്, ഹോസ്റ്റൽ അസിസ്റ്റൻറ് വാർഡൻ മുഖേന നിർവഹിക്കാൻ ആവശ്യമായ തീരുമാനങ്ങളും പ്രസ്തുത ഓഫീസ് അധികാരികളുടെ പരിശോധനാ വേളയിൽ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ചെറിയ റൂമുകളും ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ പരിവർത്തനം ചെയ്ത ഹോസ്റ്റലുകൾ ആക്കിയതിനെ തുടർന്നും വിദ്യാർത്ഥികളുടെ ആവശ്യാനുസരണം കൂടുതൽ വിദ്യാർത്ഥികളെ ഇത്തരം കെട്ടിടങ്ങളിൽ ഹോസ്റ്റൽ സൗകര്യത്തിന്റെ അപര്യാപ്തതകൾ എല്ലാം ഒരു പരിധിവരെ പരസ്പരം മനസ്സിലാക്കിക്കൊണ്ട് കൂടിയാണ് വിദ്യാർഥികൾ താമസിച്ച വരുന്നത്.

DSW ഹോസ്റ്റൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ ഹോസ്റ്റലുമായി ബന്ധപ്പെട്ട് വൈദ്യുത സംബന്ധിച്ച റീവയറിങ് അടക്കമുള്ള പ്രവർത്തികൾക്കായി പരാതികൾ ലഭിച്ചതിനെ തുടർന്ന് 6.09 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി "VKIDFT Dean" ന് ഭരണാനുമതി നൽകുന്നതിനായി 14.03.2025 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി

(ഒപ്പ്)

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അധ്യക്ഷൻ)

ലഭിക്കുന്ന പക്ഷം പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. കൂടാതെ അവശേഷിക്കുന്ന പരാതികളിന്മേൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ദൈനംദിന പരാതികൾ കോളേജ് മുഖേന ചുമതലപ്പെടുത്തുന്ന ഇലക്ട്രീഷ്യൻ മുഖേനയാണ് നിർവഹിച്ചു വരുന്നത്.

DSW കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യങ്ങളുടെ അപാര്യാപ്തത പ്രത്യേകമായി പരാമർശിക്കേണ്ടതുണ്ട്. പ്രസ്തുത ഹോസ്റ്റലിലെ താഴത്തെ നിലയിൽ ടോയ്ലറ്റുകൾ ഒന്നും തന്നെ ഉപയോഗിക്കാൻ കഴിയാത്തത് സെപ്റ്റിക് ടാങ്ക് ഉണ്ടായിരുന്നത് സർവകലാശാലയുടെ ആരംഭ കാലത്തിനു മുമ്പ് തന്നെ നാഷണൽ ഹൈവേ റോഡിൻറെ വികസനവുമായി ബന്ധപ്പെട്ട് നഷ്ടപ്പെട്ട് പോയതിനാലും, പുതിയൊരു സെപ്റ്റിക് ടാങ്ക് നിർമ്മിക്കാൻ തൊട്ടരികിലെ ശുദ്ധജലം പമ്പ് ചെയ്യുന്ന കുളത്തിന്റെ സാമീപ്യവും കൂടാതെ മണ്ണിൻറെ പ്രത്യേക ഘടനയുടെ കാരണവും കൊണ്ടാണ്.

ഈ ഹോസ്റ്റൽ ആരംഭിക്കുന്ന സമയത്ത് തന്നെ താഴത്തെ നിലയിലുള്ള ടോയ്ലറ്റുകൾ ഉപയോഗിക്കാൻ കഴിയാതെ ഉള്ള സാഹചര്യം നിലനിന്നിരുന്നു. ഉപയോഗിച്ചുവരുന്ന ടോയ്ലറ്റുകളിലെ "wall tile" കൾ പൊട്ടി പൊളിഞ്ഞിട്ടുള്ളത് ഈ പരാതി ലഭിച്ചതിനെത്തുടർന്ന് മാത്രമാണ് ഈ ഓഫീസിന് അറിയാൻ സാധിച്ചിട്ടുള്ളത്. പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വളരെ പഴക്കം ചെന്ന കെട്ടിടങ്ങൾ ആയതിനാൽ വൈദ്യുതി സംബന്ധിച്ച തകരാറുകൾ സംഭവിക്കാൻ സാധ്യത കൂടുതലാകയാൽ പ്രസ്തുത കെട്ടിടങ്ങളിലെ റീവയറിങ് അടക്കമുള്ള ജോലികൾ നിർവഹിക്കേണ്ടി വരുമെന്ന് അനുമാനിക്കുന്നു. ഈ വിഷയത്തിലും പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവാഴാംകുന്ന്**

തിരുവഴാംകുന്ന് മെയിൻ ഹോസ്റ്റൽ ബിൽഡിങ്ങിൽ കാര്യമായ പ്രശ്നങ്ങൾ ഒന്നുമില്ല. എന്നാൽ അതിൻറെ അനക്സ്സായി പ്രവർത്തിച്ചുവരുന്ന കോർട്ടേഴ്സ് പരിവർത്തനം ചെയ്തു കെട്ടിടത്തിൽ പതിനാലോളം പേർ താമസിച്ചു വരുന്നുണ്ട്. പ്രസ്തുത കെട്ടിടത്തിൽ പരാതിയിൽ സൂചിപ്പിച്ച രീതിയിലുള്ള അസൗകര്യങ്ങൾ നിലവിലുണ്ട് കെട്ടിടത്തിന്റെ കാലപ്പഴക്കം കൊണ്ടും സജ്ജീകരണങ്ങൾ ഒരുക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങളാലും പരാതികൾ പരിഹരിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട് പുതിയ ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുക എന്ന നിർദ്ദേശമാണ് അഭികാമ്യമായിട്ടുള്ളത്. ജീവനക്കാരുടെ കോർട്ടേഴ്സുകളും സമാന കെട്ടിടങ്ങളും കുട്ടികളുടെ താമസത്തിനായി പരിവർത്തനം ചെയ്തു

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അധ്യക്ഷൻ)

| | |
|---|---|
| | ഉപയോഗപ്പെടുത്തി വരുന്നത് മൂലമാണ് പരാതികളിൽ ഏറിയ പങ്കും സംഭവിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ഒരു ശാശ്വത പരിഹാരമായി വിദ്യാർത്ഥികൾക്കുള്ള പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുക എന്നതാണ് നിർദ്ദേശിക്കാനുള്ളത്. കൂടാതെ ഹോസ്റ്റൽ കെട്ടിടങ്ങളിൽ വരുത്തേണ്ട സൗകര്യങ്ങളും മാറ്റങ്ങളും അറിയിക്കുന്നപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്..<br>**തീരുമാനം:**. നൽകിയ റിമാർക്ക്സ് അംഗീകരിച്ചു.<br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീർ*<br>==========================================<br>**ഡോ. ദിനേശ്. പി. റ്റി, ഉന്നയിച്ച പ്രമേയങ്ങൾ:**<br>**പ്രമേയം** (8):<br>സർവകലാശാലയിലെ ഒഴിഞ്ഞു കിടക്കുന്നതും ഡീൻ - COVAS, മണ്ണുത്തി, COVAS പൂക്കോട്, VIKIDFT, മണ്ണുത്തി) ഒഴിയാൻ പോകുന്നതുമായ സർവകലാശാല റെജിസ്ട്രർ) ഓഫീസർ തസ്തികകളിലേക്ക് വിജ്ഞാപനം 2 ആഴ്ചക്കുള്ളിൽ ഇറക്കി 2 മാസത്തിനുള്ളിൽ നിയമനം നടത്തുവാൻ ഈ പ്രമേയത്തിലൂടെ തീരുമാനിക്കുന്നു.<br>**മറുപടി/റിമാർക്സ് (8):** സർവകലാശാല നടത്തുന്ന നിയമങ്ങളിൽ പിന്നോക്ക വിഭാഗങ്ങൾക്കുള്ള ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമനം നടത്താൻ സർക്കാർ നിർദേശിച്ച സാഹചര്യത്തിൽ, ഇത് സർവകലാശാലയിലെ ഓഫീസർ തസ്തികകൾക്കും ഇത് ബാധകമാകുമോ എന്നതിൽ വ്യക്തത വരുത്തേണ്ടതുണ്ട്. അതിന് ശേഷം വേണ്ട നടപടികൾ എടുക്കാവുന്നതാണ്<br>**തീരുമാനം:** സർവ്വകലാശാല രജിസ്ട്രാറുടെ തസ്തിക വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ*<br>------------------------------------------<br>**പ്രമേയം** (9):<br>സർവകലാശാലയുടെ ഒന്നാം ഭരണ സമിതി തീരുമാന പ്രകാരം പുറപ്പെടുവിച്ച 20.10.2011 തിയ്യതിയിലെ GA/A/1515/2011 നമ്പർ പ്രകാരമുള്ള ഉത്തരവ് പിൻവലിക്കുവാനോ കാലാനുസൃതമായി പരിഷ്കരിക്കുവാനോ ഈ പ്രമേയത്തിലൂടെ തീരുമാനിക്കുന്നു.<br>**റിമാർക്സ് (9):** വിഷയം അക്കാഡമിക് കൗൺസിൽ പരിഗണിക്കുന്നതാണ്.<br>**തീരുമാനം:** നൽകിയ റിമാർക്ക്സ് അംഗീകരിച്ചു. അടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| | **സാനിസ് ജൂലിയറ്റ്, ഉന്നയിച്ച പ്രമേയങ്ങൾ:**<br>**പ്രമേയം (10):**<br>സർവ്വകലാശാലയില വിദ്യാർത്ഥികളുടെ അച്ചടക്ക ലംഘനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികളും, സർവ്വകലാശായുടെ statute പ്രകാരം വൈസ് ചാൻസലറിൽ നിക്ഷിപ്തമാണ്. എന്നാൽ അച്ചടക്ക ലംഘനങ്ങൾ എങ്ങനെയാണ് നിയന്ത്രിക്കേണ്ടത് എന്നതിന് കൃത്യമായ നിയമാവലി സർവ്വകലാശാലയുടെ അക്കാഡമിക റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. വിദ്യാർത്ഥികൾ പാലിക്കേണ്ടതായ അച്ചടക്കത്തിന്റെയും പെരുമാറ്റങ്ങളുടെയും നിയമങ്ങൾ രൂപീകരിക്കുന്നതിനും ആയത് വെറ്ററിനറി സർവ്വകലാശാലയുടെ അക്കാഡമിക് റെഗുലേഷനിൽ ഉൾപ്പെടുത്തുവാൻ ഈ പ്രമേയത്തിലൂടെ തീരുമാനിക്കുന്നു.<br><br>**റിമാർക്സ് (10)**<br>വിദ്യാർത്ഥികൾ പാലിക്കേണ്ട അച്ചടക്കങ്ങളെക്കുറിച്ച് കുറിച്ച് റെഗുലേഷൻ ഫോർ ലൈബ്രറി ഹോസ്റ്റൽ റൂൾസ്, റെഗുലേഷൻ ഫോർ കോ -കരിക്കുലർ ആക്ടിവിറ്റീസ്, റാഗിങ് റെഗുലേഷൻ എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവ കൂടാതെ വിദ്യാർത്ഥികളുടെ അച്ചടക്കലംഘനങ്ങൾ നിയന്ത്രിക്കുന്നതിന് വീണ്ടും നിയമാവലി ആവശ്യമെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>**തീരുമാനം:** NEP 2020 model പ്രകാരം റെഗുലേഷൻ ഉണ്ടാകുമ്പോൾ മേൽ നിർദേശങ്ങൾ പരിഗണിക്കുന്നതിന് തീരുമാനിച്ചു<br><br>*നടപടി: ഡി എ ആർ*<br><br>=====================================================<br>**പ്രമേയം (11):**<br>സർവ്വകലാശാലയിലെ അധ്യാപക ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് (Faculty wise, Department wise) ഒരു മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുവാൻ ഈ പ്രമേയത്തിലൂടെ തീരുമാനിക്കുന്നു.<br>**റിമാർക്സ് (11):**<br>സർവ്വകലാശാലയിലെ അധ്യാപകജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് (Department wise) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**തീരുമാനം:** നൽകിയ റിമാർക്ക്സ് അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ- ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| ഒ.എ.: 1 | KVASU /FW/AC2/9490/2025<br>ധനകാര്യ വിഭാഗം -RIDF,EFC ഗ്രാന്റ് ഇനത്തിൽ മിച്ചമുള്ള തുക വിനിയോഗിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് -മാനേജ്മെന്റ് കൗണ്സിൽ യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നത്-സംബന്ധിച്ച് |
| തീരുമാനം | *അനുമതി നൽകി.*<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| ഒ.എ.: 2 | KVASU/DAR/ACAD/A2/3678/2025<br>KVASU-DAR-Academic Programme-Approval of result-reg. |
| തീരുമാനം | *Approved*<br>*Action:DAR* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേയുള്ള ചർച്ചകളും തീരുമാനങ്ങളും:**

1. സർവ്വകലാശാലയ്ക്ക് കീഴിലെ ഇൻറർവ്യൂ കമ്മിറ്റിയിലേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യുമ്പോൾ എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി അംഗം എന്നാണുള്ളതെന്ന് ബഹു അംഗം ഡോ. ബിപിൻ കെ സി അറിയിച്ചു. ആയതിനു പകരം ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം മതിയാകുന്നതാണെണ് രജിസ്ട്രാർ അറിയിച്ചു.

   നടപടി: രജിസ്ട്രാർ
2. സർവകലാശാലയിലെ ബസ് അറ്റൻഡന്റ് തസ്തികയിലേക്ക് Class IV-ൽ നിന്ന് അപേക്ഷിക്കാൻ ആരുമില്ല എന്നും ആയതിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു അംഗം ശ്രീ സുധീഷ് പി എസ് ആവശ്യപ്പെട്ടു. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ അറിയിച്ചു.
   നടപടി: രജിസ്ട്രാർ
3. തിരുവാഴംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് ആയി നല്കിയ തുകകൾ തിരികെ പിടിക്കുന്നത് നീട്ടിവെക്കണമെന്ന് ശ്രീ. സന്തോഷ് സി ആർ ആവശ്യപ്പെട്ടു. നിലവിൽ ഒരു മാസത്തേക്ക് തുക പിടിക്കാതിരിക്കാൻ മേധാവിക്ക് നിർദേശം നാൽകാവുന്നതാണെന്ന് രജിസ്ട്രാർ അറിയിച്ചു.
   നടപടി: രജിസ്ട്രാർ

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 3.45 മണിക്ക് അവസാനിക്കുകയും ചെയ്തു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

KERALA VETERINARY & ANIMAL SCIENCES UNIVERSITY * POOKODE, LAKKIDI P.O, WAYANAD

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്**
**(അധ്യക്ഷൻ)**
*(19/12/2025 തീയതിയിൽ അംഗീകരിച്ചു)*